# കൊല്ലം റൂറൽ പോലീസ്

**പോലീസ് സ്റ്റേഷൻ:ഈസ്റ്റ് കല്ലട** **തീയതി : 01.11.2022**

## 46 ഗ്രാം എം.ഡി.എം.എ മയക്കുമരുന്നുമായി യുവാവ് അറസ്റ്റിൽ

ഈസ്റ്റ് കല്ലട : വില്പനയ്ക്കായി സിന്തറ്റിക്ക് ഡ്രഗ്സ് വിഭാഗത്തിൽപ്പെടുന്ന മാരക ലഹരി മരുന്നായ എം.ഡി.എം.എ ബാഗ്ലൂരിൽ നിന്നും കടത്തികൊ□്‌ വന്ന മൺറോത്തുരുത്ത് നെന്മേനി കിഴക്ക് അഞ്ജലിയിൽ രാജീവ് മകൻ 21 വയസുള്ള അർജുൻ രാജ് കൊല്ലം റൂറൽ ഡാൻസഫ് ടീമിന്റെയും ഈസ്റ്റ് കല്ലട പോലീസിന്റെയും സംയുക്ത പരിശോധനയിൽ 46 ഗ്രാം എം.ഡി.എം.എ മയക്കുമരുന്നുമായി പിടിയിലായി. കൊല്ലം റൂറൽ പോലീസ് ജില്ലയിൽ പോലീസ് പിടികൂടുന്ന ഏറ്റവും കൂടിയ അളവ് എം.ഡി.എം.എ ആണ് ഇത്. കേരള പോലീസിന്റെ 'യോദ്ധാവ് ' ലൂടെ കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. കെ. ബി രവി ഐ.പി.എസ് ന് ലഭിച്ച രഹസ്യ വിവരത്തെത്തുടർന്ന് കൊല്ലം റൂറൽ ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി എം.എം ജോസ്, ശാസ്താംകോട്ട ഡി.വൈ.എസ്.പി ഷെരീഫ് എസ് എന്നിവരുടെ നേതൃത്വത്തിൽ ഈസ്റ്റ് കല്ലട പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ സുധീഷ് കുമാർ.എസ്, എസ്.ഐ അനീഷ്, കൊല്ലം റൂറൽ ഡാൻസഫ് ടീമംഗങ്ങളായ എസ്.ഐ അനിൽകുമാർ, എ.എസ്.ഐ രാധാകൃഷ്ണപിള്ളൈ, സി.പി.ഒ മാരായ സജുമോൻ റ്റി, അഭിലാഷ് പി.എസ്, ദിലീപ് എസ്, വിപിൻ ക്ളീറ്റസ് ഈസ്റ്റ് കല്ലട പോലീസ് സ്റ്റേഷൻ എസ്.ഐ ജോൺസൺ, എ.എസ്.ഐ മാരായ ബിന്ദുലാൽ, ഗിരീഷ്, മധുകുട്ടൻ, സി.പി.ഒ മാരായ മനു, സുരേഷ് ബാബു എന്നിവർ ചേർന്നാണ് ഇയാളെ പിടികൂടിയത്.

